പതിമൂന്നാം കേരളനിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 225 — 08.06.2015 ൽ മറുപടിക്ക്

## ക്രമസമാധാന രംഗത്തെ നേട്ടങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബെന്നി ബെഹനാൻ<br>,, കെ.അച്ചുതൻ<br>,, തേറമ്പിൽ രാമകൃഷ്ണൻ<br>,, ഹൈബി ഈഡൻ | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) ഈ സർക്കാരിന്റെ കാലത്ത് ക്രമസമാധാന രംഗത്ത് കേരളം ദേശീയ തലത്തിൽ ഉന്നതസ്ഥാനത്ത് എത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നേട്ടം കൈവരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;<br><br>(ബി) ഇത് സംബന്ധിച്ച റിപ്പോർട്ടുകളുടേയും സർവ്വേകളുടേയും വിശദാംശങ്ങൾ എന്തെല്ലാമാണ്;<br><br>(സി) ക്രമസമാധാന രംഗത്ത് കൂടുതൽ നേട്ടങ്ങൾ കൈവരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (എ) മുതൽ (സി) വരെ ഇന്ത്യയിലെ മികച്ച സംസ്ഥാനങ്ങളെക്കുറിച്ചുള്ള 'ഇന്ത്യാ ടുഡേ' വാർഷിക സർവ്വേയിൽ ക്രമസമാധാന പാലനത്തിന് **കേരളത്തിന് ഒന്നാം സ്ഥാനം** ലഭിച്ചതായി 2012 നവംബർ 14-ാം തീയതിയിലെ 'ഇന്ത്യാടുഡേ'യിൽ പ്രസിദ്ധീകരിച്ച വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്രമസമാധാനനില അവലോകനം ചെയ്യാൻ എല്ലാ മാസവും സംസ്ഥാന പോലീസ് മേധാവിയുടെ നേതൃത്വത്തിലും ഇന്റലിജൻസ് മേധാവിയുടെ നേതൃത്വത്തിലും ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും ക്രമസമാധാന പരിപാലനത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്യുന്നു. കൂടാതെ എല്ലാ ജില്ലകളിലും കലക്ടർമാരുടെ അദ്ധ്യക്ഷതയിൽ മാസം തോറും മത സൌഹാർദ്ദ അവലോകന യോഗങ്ങൾ നടത്തി വരുന്നുണ്ട്.<br><br>ക്ലീൻ ക്യാംപസ് സേഫ് ക്യാംപസ് |

പദ്ധതി, സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനായി സീറോ ടോളറൻസ് പദ്ധതി, നിർഭയ പദ്ധതി, നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കൽ, സ്റ്റുഡന്റ് പോലീസ് കേഡറ്റ് തുടങ്ങിയ പദ്ധതികളിലൂടെ സമൂഹത്തിലെ വിവിധ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കും സ്വൈര സഞ്ചാരത്തിനുമായി 'നിർഭയ ' പദ്ധതി ആസൂത്രണം ചെയ്ത്, അതിന്റെ ആദ്യഘട്ടം എറണാകുളം ജില്ലയിൽ പ്രാവർത്തികമാക്കി.

കൊള്ളപ്പലിശക്കാരേയും ബ്ലേഡ് മാഫിയകളേയും അമർച്ചചെയ്യുന്നതിന് 'ഓപ്പറേഷൻ കുബേര' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി. കൂടാതെ ഗുണ്ടകളെ അമർച്ച ചെയ്യുന്നതിന് 'ഓപ്പറേഷൻ സുരക്ഷ' എന്ന പദ്ധതി നടപ്പാക്കി. ഈ പദ്ധതികൾ ഊർജ്ജിതമായി ഇപ്പോഴും നടന്നു വരുന്നു.

Rajani.M
സെക്ഷൻ ഓഫീസർ